പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 156 — 27/06/2011 ൽ മറുപടിക്ക്

## ഒരു രൂപയ്ക്ക് അരി നൽകുന്ന പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പി.എ.മാധവൻ : | | ശ്രീ. ടി.എം.ജേക്കബ് (ഭക്ഷ്യവും, സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്തെ ബി.പി.എൽ കുടുംബങ്ങൾക്ക് ഒരു രൂപയ്ക്ക് അരി നൽകുന്ന പദ്ധതി എന്നു മുതൽ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്തെ ബി.പി.എൽ കുടുംബങ്ങൾക്ക് ഒരു രൂപയ്ക്ക് അരി നൽകുന്ന പദ്ധതി ഓണത്തിനു മുൻപ് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങളും ഇത് എത്ര കുടുംബങ്ങൾക്കായി നടപ്പിലാക്കുമെന്നും വ്യക്തമാക്കുമോ ; | (ബി) | പ്രതിമാസം 25kg അരി ഒരു രൂപ നിരക്കിൽ നല്കുന്ന പദ്ധതിയിൽ ബി.പി.എൽ വിഭാഗത്തിൽ പെട്ടവരെയാണ് ഉൾപ്പെടുത്തുന്നത്. എ.എ.വൈ വിഭാഗവും ബി.പി.എൽ പദ്ധതിയുടെ തന്നെ ഭാഗമായതിനാൽ 1460735 ബി.പി.എൽ കുടുംബങ്ങളും 595752 എ.എ.വൈ. കുടുംബങ്ങളും ഉൾപ്പെടെ ആകെ 20,56,487 കുടുംബങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടും. |
| (സി) | എ.പി.എൽ വിഭാഗത്തിൽപ്പെട്ട വർക്കുള്ള ഭക്ഷ്യധാന്യ വിതരണം എപ്രകാരമായിരിക്കുമെന്ന് അറിയിക്കുമോ ; | (സി) | എ.പി.എൽ വിഭാഗത്തിലെ സബ്സിഡി പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് രണ്ട് രൂപ നിരക്കിൽ അരിയും ഗോതമ്പും ലഭിക്കും. സബ്സിഡി പദ്ധതിയിൽ ഉൾപ്പെടാത്ത APL കുടുംബങ്ങൾക്ക് കിലോഗ്രാമിന് 8.90 രൂപ നിരക്കിൽ അരിയും 6.70 രൂപ നിരക്കിൽ ഗോതമ്പും ലഭിക്കും. നിലവിലുള്ള കേന്ദ്ര അലോട്ട്മെന്റ് പ്രകാരം ഒരു APL കാർഡുടമയ്ക്ക് പരമാവധി 10 കിലോ അരിയും 2 കിലോ ഗോതമ്പും ലഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | റേഷൻ കടകൾ വഴി വിവിധ ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്യുന്ന നടപടിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ഡി) | സംസ്ഥാനത്തെ ഓരോ പഞ്ചായത്തിലും 2എണ്ണം വീതവും ഓരോ മുൻസിപ്പാലിറ്റിയിലും 10 എണ്ണം വീതവും കോർപ്പറേഷനുകളിലെ ഓരോ വാർഡിലും ഓരോന്നു വീതവും ആകെ 2745 റേഷൻകടകളെ തെരഞ്ഞെടുത്ത് 300 രൂപ വില വരുന്ന അവശ്യസാധനങ്ങൾ അടങ്ങിയ കിറ്റ് 150 രൂപയ്ക്ക് വിതരണം ചെയ്യുന്ന പദ്ധതി നടപ്പിൽ വരുത്തുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. സപ്ലൈകോയിൽ നിന്നാണ് പ്രസ്തുത പദ്ധതിക്കുള്ള സാധനങ്ങൾ ലഭ്യമാക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്. |
| (ഇ) | ഏതെല്ലാം ഭക്ഷ്യധാന്യങ്ങളാണ് റേഷൻകടകൾ വഴി നൽകുന്നതെന്നും ഇത് എല്ലാ ജില്ലകളിലും നടപ്പിലാക്കുമോ എന്നും വ്യക്തമാക്കുമോ ? | (ഇ) | ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയിൽ ചെറുപയർ, ഉഴുന്ന്,പരിപ്പ്,പഞ്ചസാര,മുളക്,മല്ലി,ജീരകം, കടുക്,വെളിച്ചെണ്ണ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ.